പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :3542

20.06.2019 ൽ
മറുപടിക്ക്

## പുതിയ പോലീസ് കമ്മീഷണറേറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പുതിയതായി എത്ര പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ചു ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;<br>ബി) പ്രസ്തുത പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ച് പോലീസ് ഉദ്യോഗസ്ഥർക്ക് മജിസ്റ്റീരിയൽ പദവി നൽകുന്നതിന്റെ ഔചിത്യം എന്തെന്ന് വിശദമാക്കാമോ;<br>സി) പ്രസ്തുത പോലീസ് കമ്മീഷണറേറ്റുകൾ രൂപീകരിച്ചത് ഏതെങ്കിലും കോടതിയുടെ ഉത്തരവ് പ്രകാരമാണോ; അഥവാ ഏതെങ്കിലും ഏജൻസിയുടെ പഠന റിപ്പോർട്ട് പ്രകാരമാണോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ ? | എ) യും ബി) യും സി) യും 23.01.2013 ലെ മന്ത്രിസഭാ തീരുമാനം ഐറ്റം നം. 2919 പ്രകാരം 2011-ലെ കേരള പോലീസ് ആക്ടിലെ 15(2), 15(3), 15(4) എന്നീ സെക്ഷനുകൾ ആധാരമാക്കി തിരുവനന്തപുരത്തും കൊച്ചിയിലും മെട്രോപോളിറ്റൻ പോലീസ് സംവിധാനം ആരംഭിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശത്തിൽ 2007 ലെ കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ടിലെ 3(2) സെക്ഷൻ പ്രകാരമുള്ള അധികാരം ഒഴിവാക്കി, തിരുവനന്തപുരം/ കൊച്ചി പോലീസ് കമ്മീഷണർക്ക് ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരത്തോടുകൂടി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് ഈ സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29.01.2013 ലെ ജി.ഒ. (എം.എസ്.) നം. 29/2013/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപോളിറ്റൻ പോലീസ് സംവിധാനം കൊണ്ടുവന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ, ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല.<br><br>കമ്മീഷണറേറ്റ് നിലവിൽവരുന്നതോടെ നഗരപരിധിയിലെ കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കാര്യക്ഷമമാവുകയും കുറ്റകൃത്യം തടയുന്നതിന് നഗരത്തിലെ പോലീസിന് അധികാരവും ശക്തിയും കൂടുതൽ |

ലഭിക്കുന്നുവെന്നതാണ് ഇതിന്റെ സവിശേഷത. ഇതിലൂടെ സാധാരണ നിലയിൽ ക്രമസമാധാനം നഗരങ്ങളിൽ കൂടുതൽ ഭദ്രമാക്കി നിർത്താനാകും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനം.

കേന്ദ്ര സർക്കാർ 1977 ൽ പോലീസ് സേനയുടെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ പോലീസ് കമ്മീഷനെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷൻ 1979 മുതൽ 1981 വരെ 8 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. അതിലെ ഒരു പ്രധാന ശിപാർശയാണ് അഞ്ചു ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള നഗരങ്ങളിൽ പോലീസ് കമ്മീഷണറേറ്റ് സ്ഥാപിക്കണം എന്നത്. ഇതിനു പുറമെ, ബഹു. ജസ്റ്റിസ് കെ.ടി. തോമസ് ചെയർമാനായ കേരള പോലീസ് പെർഫോമൻസ് ആന്റ് അക്കൗണ്ടബിലിറ്റി കമ്മീഷൻ 21.03.2005 ൽ സമർപ്പിച്ച റിപ്പോർട്ടിൽ 3.42 (സി) ശിപാർശ പ്രകാരം തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി നഗരങ്ങളിലെ കമ്മീഷണർ ഓഫീസുകൾ പോലീസ് കമ്മീഷണറേറ്റുകളായി ഉയർത്തി ഡി.ഐ.ജി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെ കമ്മീഷണറായി നിയമിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

06.06.2019 ലെ ജി.ഒ (ആർ.ടി) നം. 3230/ 2019/പൊ.ഭ.വ ഉത്തരവ് പ്രകാരം ഈ നഗരങ്ങളിൽ ഐ.ജി റാങ്കിലുള്ള ഉദ്യോഗസ്ഥരെ പോലീസ് കമ്മീഷണർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കേരളത്തിന്റെ സവിശേഷമായ സാഹചര്യത്തെ കൂടി ഉൾക്കൊണ്ടുകൊണ്ടും പൊതുവായ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തും കൊണ്ടായിരിക്കും ഏതെല്ലാം അധികാരങ്ങൾ കൈമാറണമെന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

(ഒപ്പ്)

സെക്ഷൻ ഓഫീസർ